പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2027 | 10 -10 -2011 - ൽ മറുപടിയ്ക്ക് |

**ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ: | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | ജനറൽ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ, മറ്റ് ഭൗതിക ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് പദ്ധതി തയ്യാറാക്കിവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ പരാധീനതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | പ്രസ്തുത ആശുപത്രിയിൽ രോഗികൾക്ക് ഫാർമസി, ലാബ് എന്നീ സൗകര്യങ്ങൾ രാവിലെ 8 മണിമുതൽ വൈകിട്ട് 6 മണിവരെയും എക്സ്റേ രാവിലെ 8 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെയും ലഭ്യമാണ്. അൾട്രാസൗണ്ട് സ്കാനിംഗ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യാലിറ്റി വിഭാഗത്തിൽ ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോപീഡിക്, ഇ.എൻ.റ്റി, ഡെർമറ്റോളജി, ഒഫ്താൽമോളജി, അനസ്തേഷ്യ, സർജറി എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ലയൺസ് പേവാർഡ്, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജനതാ വാർഡ്, മെയിൽ സർജിക്കൽ, മെഡിക്കൽ, ഫീമെയിൽ സർജിക്കൽ, മെഡിക്കൽ എന്നീ വാർഡുകളും ഓപ്പറേഷൻ തിയേറ്റർ എന്നിവയും നിലവിലുണ്ട്. ഇപ്പോൾ എൻ.ആർ.എച്ച്.എം. വഴിയായി വാർഡുകളുടെ നവീകരണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) | ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് അനസ്തേഷ്യ - 1, സർജറി - 1, ജൂനിയർ കൺസൾട്ടന്റ് ഡെന്റൽ -1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- 4 എന്നീ ഒഴിവുകളാണ് ഉള്ളത്. അസിസ്റ്റന്റ് സർജൻ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. നിയമന നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ടി തസ്തികയിലെ ഒഴിവുകൾ നികത്താൻ ശ്രമിക്കുന്നതാണ്. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രമോഷൻ നൽകി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യാലിറ്റി കേഡറിലുള്ള മറ്റ് തസ്തികകളിൽ പി.ജി. ബിരുദം നേടിയ ഡോക്ടർമാരുടെ ഓപ്ഷൻ വാങ്ങി തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മറ്റ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ആശുപത്രിയെ ഒരു മാതൃകാ ആശുപത്രിയായി ഉയർത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.